(എ) അങ്കമാലിയിൽ സ്ഥാപിക്കുന്ന നിർദ്ദിഷ്ട കിൻഫ്ര വ്യവസായ പാർക്കിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ (WP(c) 33795/2010) സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽപ്പറഞ്ഞ കേസ്സിൽ കിൻഫ്രയുടെ വിശദമായ എതിർ സത്യവാങ്മൂലം ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും 1986-ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും ബന്ധപ്പെടുത്തിയാണ് ലാന്റ് അക്വിസിഷൻ നടപടികളെ ടി കേസ്സിൽ ചോദ്യം ചെയ്തിട്ടുള്ളത്. ലാൻഡ് അക്വിസിഷൻ തഹസീൽദാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം ഏതാണ്ട് എല്ലാ സർവ്വേ നമ്പരിൽപ്പെട്ട ഭൂമിയും റവന്യൂ റിക്കാർഡിൽ "നിലം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിലും ഡിവിഷൻ ബെഞ്ചിലും തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട നിലവിലുള്ള പൊതുതാൽപ്പര്യ ഹർജികൾ ഉൾപ്പെടെയുള്ള കേസ്സുകളുമായി ചേർത്ത് ഒരു പൊതു തീരുമാനം പ്രതീക്ഷിക്കുന്നു.

സ്റ്റാർട്ട് അപ് പോളിസി

248 (593) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് സ്റ്റാർട്ട് അപ് പോളിസി പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇതിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പോളിസി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 12-5-2015-ലെ ജി.ഒ.(എംഎസ്.)14/2015/ഐ.റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം കേരളാ സ്റ്റാർട്ട് അപ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ യുവതീ-യുവാക്കളെ ശാസ്ത്ര സാങ്കേതിക മേഖലകളിൽ വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത പോളിസിയാണ് കേരളാ സ്റ്റാർട്ട് അപ് പോളിസി. ഈ നയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

1. കേരളത്തിന്റെ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം, ഇൻകുബേഷൻ എന്നിവയിലേക്ക് 5000 കോടിരൂപയുടെ നിക്ഷേപം ആകർഷിക്കുക.

2. യുവ സംരംഭക പ്രവർത്തനങ്ങൾക്കായി അടുത്ത 5 വർഷത്തേക്ക് 2500 കോടിരൂപയുടെ സഹായം നൽകുക.

3. ഇന്ത്യൻ ഉടമസ്ഥതയിലുള്ള കൂടുതൽ ഗ്ലോബൽ ടെക്നോളജി കമ്പനികൾ കേരളത്തിൽ തുടങ്ങുക.

4. സംസ്ഥാനത്തെ വിവിധ മേഖലകളിൽ ചുരുങ്ങിയത് 10 വീതം ബിസിനസ് ഇൻകുബേറ്റർ/ആക്സലറേറ്റർ സ്ഥാപിക്കുക.

5. 10000 ടെക്നോളജി സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം/സൗകര്യം/ ഇൻകുബേഷൻ നൽകുക.

6. ഒരു മില്യൺ ഇൻകുബേഷൻ സ്പെയ്സ് വികസിപ്പിച്ചെടുക്കുക.

7. കുറഞ്ഞത് 2000 കോടിരൂപയുടെ വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ടിംഗ് ആകർഷിക്കുക.

8. ഒരു ബില്യൺ ഡോളർ ടെക്നോളജി കമ്പനിയെങ്കിലും സ്റ്റാർട്ടപ്പിൽ നിന്നും തദ്ദേശീയമായി ഉയർന്നുവരുന്നതിനുള്ള അടിത്തറ സൃഷ്ടിക്കുക.

ഇതുവഴി കേരളത്തെ സംരംഭകത്വ സമൂഹമായി വളർത്തുകയും വിവിധ മേഖലകളിൽ സ്റ്റാർട്ട് അപ് കമ്പനികളെ വളർത്തിയെടുക്കുകയുമാണ് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) കേരളാ സ്റ്റാർട്ടപ്പ് പോളിസിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. തുടർനടപടികൾ അംഗീകരിച്ചുവരുന്നു.

സ്റ്റാർട്ട് അപ് വില്ലേജ്

249 (594) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. പാലോട് രവി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സ്റ്റാർട്ട് അപ് വില്ലേജിന് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; എന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് പ്രസ്തുത പദ്ധതിയിൽ ഏർപ്പെടുത്തിയിട്ടുള്ളത് ;

(സി) കെ.എസ്.ഐ.ഡി.സി. എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) ഇല്ല. എന്നാൽ ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് കേരള ടെക്നോളജി സ്റ്റാർട്ട് അപ് പോളിസിക്ക് രൂപം നൽകിയിട്ടുണ്ട്. പോളിസിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

സ്റ്റാർട്ട് അപ് വില്ലേജ് ഉൾപ്പെടെയുള്ള സംരംഭക പദ്ധതികൾ

250 (595) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly